**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ . എം . ഉമ്മർ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനായി ' കെ - സ്വിഫ്റ്റ് ' എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുന്നതിനും, 400 ഡീസൽ ബസുകളെ LNG ആയി പരിവർത്തനം ചെയ്യുന്നതിനുമായി 359 കോടി രൂപ നിബന്ധനകളോടെ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്താൽ പുതുതായി നിരത്തിലിറക്കുന്ന ബസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു Special Purpose Vehicle (SPV) രൂപീകരിക്കണം എന്നതാണ് കിഫ്ബിയുടെ ഒരു പ്രധാന നിബന്ധന. ഇപ്രകാരം രൂപീകരിവാൻ നിശ്ചയിച്ചിരിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി. "കെ.എസ്.ആർ.റ്റി.സി സ്വിഫ്റ്റ്" എന്ന നാമത്തിൽ കമ്പനി രൂപീകരിക്കുക എന്ന ആശയം ഇപ്പോൾ പരിഗണനയിലുണ്ട്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന SPV മുഖാന്തിരം ദീർഘദൂര ബസുകൾ ഫലപ്രദമായി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഈ കമ്പനി രൂപീകരിക്കുന്നത് 10 വർഷക്കാലത്തേയ്ക്ക് മാത്രമാണ്. അതിനുശേഷം ഈ കമ്പനി കെ.എസ്.ആർ.ടി.സി.യിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത കമ്പനിക്ക് മൂലധനം എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ സ്വിഫ്റ്റിലേയ്ക്ക് മാറ്റുന്ന ബസുകൾക്ക് ആനുപാതികമായ വാടക കെ.എസ്.ആർ.ടി.സി.യ്ക്ക് എടുക്കുന്നതിനുള്ള സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ബസ്സുകൾക്കും റൂട്ടുകൾക്കും കെ.എസ്.ആർ.ടി.സി.യ്ക്ക് ലീസ് ചാർജ് നൽകുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് സ്വന്തമായി ഡിപ്പോയോ, വർക്ക്ഷോപ്പോ ഉണ്ടായിരിക്കുന്നതല്ല. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യങ്ങൾക്കും സ്വിഫ്റ്റ് യൂസർ ഫീ നൽകുന്നതായിരിക്കും. സ്വിഫ്റ്റ് രൂപീകരണത്തിന്റെ ഭാഗമായി പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിന് 15 കോടി രൂപ അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്. |
| (സി) | ഇതിലെ നിയമനങ്ങൾ എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | ഈ സ്ഥാപനത്തിന്റെ കാലാവധി 10 വർഷത്തേയ്ക്ക് മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. നിയമനങ്ങൾ പൂർണ്ണമായും കരാർ അടിസ്ഥാനത്തിൽ ആയിരിക്കും. |

സെക്ഷൻ ഓഫീസർ